"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** അധിഷ്ഠിത കോഴ്സുകൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**1009/2026/GEDN** തീയതി,തിരുവനന്തപുരം, **03-02-2026**

---

പരാമർശം:-
1. **21/06/2025** ലെ സ.ഉ (സാധാ) നം. **4063/2025**-പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. അഭിഷേക്. എ മുതൽ പേർ സമർപ്പിച്ച **29.01.2026** ലെ നിവേദനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **03.02.2026** ലെ **VHSE/280/2026-C1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**NSQF** അടിസ്ഥാനമാക്കിയ **Dairy Farmer Entrepreneur (DFE)/ Small Poultry Farmer (SPF)** എന്നീ കോഴ്സുകൾ **VHSE in Livestock Management** യോഗ്യതയ്ക്ക് തുല്യമായി പരിഗണിക്കാനാകില്ലെന്നും എന്നാൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF), Dairy Processing Equipment Operator** എന്നീ കോഴ്സുകളെ **Live Stock Management Stream-** ൽ ഉൾപ്പെടുത്താമെന്നും പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വൊക്കേഷണൽ ഹയർ സെക്കൻ്ററി വിദ്യാഭ്യാസത്തിൽ **Live Stock Management (LSM)** കോഴ്സ് **2019** വരെ നിലവിലുണ്ടായിരുന്നതാണെന്നും **2019** ന് ശേഷം **Live Stock Management (LSM)** കോഴ്സ് **National Skills Qualification Frame Work (NSQF)** അടിസ്ഥാനമാക്കി **Dairy Farmer Entrepreneur (DFE)/ Small Poultry Farmer (SPF)** എന്നീ കോഴ്സുകളായി മാറിയെന്നും അതിനാൽ ഈ രണ്ട് കോഴ്സുകളും തുല്യമാണെന്ന് കാണിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് ലഭിക്കാത്തത് കാരണം **Diary Farmer Entrepreneur (DFE) / Small Poultry Farmer (SPF)** കോഴ്സ് പാസ്സായ കുട്ടികൾക്ക് **PSC** സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടുവെങ്കിലും നിയമനം നൽകാൻ **PSC** തയ്യാറാകുന്നില്ലെന്നും ആയത് തുല്യമാണെന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടു പരാമർശം **(2)** പ്രകാരം നിവേദനം ലഭിക്കുകയുണ്ടായി.

3. തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് പൊതുവി ദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry), Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** പാഠ്യപദ്ധതികളെ പൊതുവായും പ്രത്യേകമായും വിശദമായും താരതമ്യം ചെയ്ത് പഠനം നടത്തിയെന്നും വിശദമായ പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** പാഠ്യപദ്ധതികൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** പാഠ്യപദ്ധതികളുമായി ഏറെ സാമ്യമുള്ളതായി കണ്ടെത്തുകയും ചെയ്തുവെന്നു റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി താരതമ്യ പഠനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** കോഴ്സുകൾക്ക് **Livestock Management** കോഴ്സുകളിൽ നിന്നുമുള്ള ചെറിയ ചെറിയ വ്യത്യാസങ്ങൾ നിലവിലെ **On the job Training (OJT)**, വിഷയ വിദഗ്ധരുടെ പരിശീലന സെക്ഷനുകൾ എന്നിവ വഴി ഫലപ്രദമായി പരിഹരിക്കാമെന്നും ആയതിനാൽ പരാമർശം (1) ഉത്തരവിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** അധിഷ്ഠിത കോഴ്സുകൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യ ത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **Dairy Farmer Entrepreneur (DFE), Small Poultry Farmer (SPF)** എന്നീ **NSQF** അധിഷ്ഠിത കോഴ്സുകൾ **Livestock Management (Dairy Husbandry), Livestock Management (Poultry Husbandry)** എന്നീ കോഴ്സുകൾക്ക് തുല്യമാണെന്ന് ഉത്തരവാകുന്നു.

5. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
അനിമൽ ഹസ്ബൻഡറി വകുപ്പ് (**vide File No. E1/21/2025-AH**).
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajida S
Date: 03-02-2026 17:33:42

സെക്ഷൻ ഓഫീസർ